# സ്ത്രീയും
# സഞ്ചാര സ്വാതന്ത്ര്യവും

## പരിശീലന സഹായി
## Vol. 1

സ്ത്രീ പദവി സ്വയം പഠന വിഭാഗം

കുടുംബശ്രീ സംസ്ഥാന മിഷൻ

2014

www.sreesakthi.org

gender.ho@gmail.com

www.kudumbashree.org

# സ്ത്രീയും സഞ്ചാര സ്വാതന്ത്ര്യവും

# പരിശീലന സഹായി
# Vol. 1


**തയ്യാറാക്കിയത്**

## സ്റ്റേറ്റ് ജെൻഡർ ടീം

**സോയ തോമസ്, ടീം ലീഡർ (ജെൻഡർ)**

**സൗമ്യ ഐ. എസ്., ജെൻഡർ കൺസൽട്ടന്റ്**

**പ്രിയ ഇ., ജെൻഡർ കൺസൽട്ടന്റ്**

**ശ്രീബാൽ ബി. എസ്., ടെക്നിക്കൽ കൺസൽട്ടന്റ്, വെബ് &പോർട്ടൽ അഡ്മിനിസ്ട്രേറ്റർ**

# സ്ത്രീപദവി സ്വയംപഠന പ്രക്രിയ - പിന്നിട്ട നാൾവഴികൾ

സംസ്ഥാന വ്യാപകമായി കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങളുടെ തുടർച്ചയായി അയൽക്കൂട്ട രൂപീകരണവും സ്ത്രീകളുടെ കൂട്ടായ്മയും സൃഷ്ടിക്കാൻ സാധിച്ചു. എങ്കിലും സ്ത്രീകൾക്ക് തങ്ങളുടേതായ അവകാശങ്ങൾ തിരിച്ചറിഞ്ഞ് അവ നേടിയെടുക്കാനും സമൂഹത്തിന്റെ വിവിധ മേഖലകളിൽ തങ്ങളുടെ അവസരങ്ങൾ ഉറപ്പു വരുത്തുന്നതിനും സാധിച്ചിരുന്നില്ല. ഈ അവസരത്തിൽ വ്യത്യസ്തമായൊരു പഠന രീതിയിലൂടെ സ്വന്തം അവസ്ഥ സ്വയം തിരിച്ചറിയുന്നതിനും അത് വഴി പഠിതാവ് തന്നെ അറിവിന്റെ ഉൽപാദകരും, ഗുണഭോക്താക്കളും ആയി മാറുന്ന ഒരു പദ്ധതി സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ 2007 ൽ ആരംഭിച്ചു സ്ത്രീ പദവി സ്വയം പഠന പ്രക്രിയ എന്ന പേരിൽ ആരംഭിച്ച ഈ പദ്ധതി വിവേചനവും അസമത്വവും സാമൂഹ്യ അനീതിയും പ്രതിഫലിപ്പിക്കുന്ന വിഷയങ്ങൾ തിരഞ്ഞെടുത്ത് പ്രാദേശികമായി പഠനസഹായികൾ വികസിപ്പിക്കുക എന്നതായിരുന്നു വിഭാവനം ചെയ്തത്. എന്നാൽ സ്വയം പഠനം എന്ന ആശയം പൂർണ്ണരൂപത്തിൽ താഴെ തലങ്ങളിൽ എത്തിക്കാൻ സാധിക്കാത്തതിനാൽ പ്രാരംഭഘട്ടത്തിൽ അതിന് സാധിച്ചില്ല.

ആശയക്കുഴപ്പം നേരിട്ട അടുത്തഘട്ടം ജീവിതാനുഭവങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന. പഠന സഹായിയുടെ വിഷയം എന്തായിരിക്കണം എന്നത് സംബന്ധിച്ചായിരുന്നു കൂടാതെ പഠന സഹായി വ്യാപനം അതിനായി ഉപയോഗിക്കേണ്ട രീതിശാസ്ത്രം, പഠന സഹായി പ്രിന്റിംഗ്, എന്നിവയെ സംബന്ധിച്ചും ആശയക്കുഴപ്പം നിലനിന്നു. തൊഴിൽ നിയമം, തൊഴിൽ സുരക്ഷ, തൊഴിൽ സ്ഥലത്തെ തുല്യത, സൗകര്യങ്ങൾ, ഏത് തൊഴിലും ചെയ്യുന്നതിനുള്ള അവകാശം എന്നിവ പൊതുവായെടുത്ത് പഠന സഹായി തയ്യാറാക്കുന്നതിന് തീരുമാനമായി. തുടർന്ന് നിയമപരമായ പിന്തുണയും, സർക്കാർ പരിപാടി എന്ന തരത്തിലുള്ള പിന്തുണയും ഉറപ്പാക്കുന്ന തരത്തിലുള്ള ഒരു പദ്ധതിയായി ഈ പ്രവർത്തനത്തെ എങ്ങനെ വികസിപ്പിക്കാം എന്ന ചർച്ചകളുണ്ടായി.

ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടപഠനസഹായിയുടെ വിഷയമായി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തിരഞ്ഞെടുത്തു. അയൽക്കൂട്ട അംഗങ്ങളായ സ്ത്രീകളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടതും അവർക്ക് പരിചിതമായതുമായ വിഷയം എന്ന നിലയിലാണ് ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തിരഞ്ഞെടുത്തത് അയൽക്കൂട്ട അംഗങ്ങളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് പഠനസഹായിയിലെ

പാഠങ്ങൾ ചിട്ടപ്പെടുത്തിയത്. അതുകൊണ്ട് തന്നെ കേന്ദ്രീകൃതമായി തയ്യാറാക്കിയ പഠന സഹായി ആയിരുന്നിട്ടും ആദ്യഘട്ടപഠന സഹായി രൂപീകരണം ഒരു വികേന്ദ്രീകൃത പ്രക്രിയയുടെ ഭാഗമായി മാറി.

ആദ്യഘട്ട പഠന സഹായിയുടെ വ്യാപനത്തോടനുബന്ധിച്ച് സംസ്ഥാന തലം മുതൽ അയൽക്കൂട്ട തലം വരെ വിദ്യാഭ്യാസ പ്രക്രിയയുടെ വ്യാപനത്തിനായി റിസോഴ്സ് ശൃംഖല രൂപീകരിക്കപ്പെട്ടു. പഠനത്തിൽ നിന്നും ഉരുത്തിരിഞ്ഞ് വരുന്ന വിഷയത്തെ അധികരിച്ച് വനിതാസഭ, വിളംബരജാഥ, വിൽ കലാസംഘം പരിപാടികൾ, ആദിവാസി കൂട്ടായ്മ തുടങ്ങിയ തനത് പരിപാടികൾ താഴെത്തട്ടിൽ നടപ്പാക്കുകയും ചെയ്തു. പഠന സഹായി വ്യാപനത്തിന്റെ അനന്തരഫലമായി നിരവധി സ്ത്രീകൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളായി മാറുകയും, നിലവിലെ തൊഴിൽ നിയമങ്ങൾ തിരിച്ചറിഞ്ഞ് അവകാശങ്ങൾ നേടിയെടുക്കാനും ആരംഭിച്ചു.

സ്ത്രീപദവി സ്വയംപഠന പ്രക്രിയയുടെ വ്യാപനത്തിനായി രൂപീകരിച്ച ശ്രീശക്തി വെബ് പോർട്ടലിന്റെയും സംസ്ഥാന തലം മുതൽ അയൽക്കൂട്ട തലം വരെ നീളുന്ന റിസോഴ്സ് ശൃംഖലയുടെയും സഹായത്തോടെ വികേന്ദ്രീകൃതമായി രണ്ടാംഘട്ട പഠന സഹായി രൂപീകരിച്ചു. തൊഴിലുമായി ബന്ധപ്പെട്ട സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ എന്ന വിഷയമായിരുന്നു പഠനസഹായി രൂപീകരണത്തിന് ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്തത്. പഠന സഹായി രൂപീകരണത്തിന് മുന്നോടിയായി ജില്ലകളിൽ റിസോഴ്സ് പേഴ്സൺമാർക്ക് സ്ത്രീയും ആരോഗ്യവും എന്ന വിഷയത്തിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പഠനസഹായി ആയതിനാൽ തന്നെ ജില്ലയിലെ വിവിധ തൊഴിൽ മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനായി റിസോഴ്സ് പേഴ്സൺമാരുടെ സഹകരണത്തോടെ സർവ്വേകളും കൂടിയിരുപ്പ് ചർച്ചകളും സംഘടിപ്പിക്കപ്പെട്ടു. പഠനസഹായി തയ്യാറാക്കുന്നതിൽ ഒരു മുതൽക്കൂട്ട് എന്ന നിലയിൽ പ്രാദേശിക അടിസ്ഥാനത്തിൽ ആരോഗ്യ സംവിധാനവുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന വിഭവങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തുന്നതിനും,

1. ആരോഗ്യവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട വ്യക്തികൾ, സ്ഥാപന ങ്ങൾ എന്നിവ ഏതെല്ലാമാണെന്ന് കണ്ടെത്തുക

2. ഈ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവ നിലവിലെ സമൂഹവുമായി ബന്ധപ്പെട്ട് എങ്ങനെ പ്രവർത്തിക്കുന്നു.

3. സമൂഹം ഇത്തരം പ്രവർത്തനങ്ങളോട് ഏത് രീതിയിൽ പ്രതികരിക്കുന്നു.

4. പ്രാദേശിക തലത്തിലെ ആരോഗ്യ സംവിധാനങ്ങൾ മനസ്സിലാക്കുക

എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി റിസോഴ്സ് ശൃംഖലയുടേയും പ്രാദേശിക ഭരണകൂടത്തിന്റെയും പിന്തുണ ഉറപ്പാക്കിക്കൊണ്ട് ഹെൽത്ത് റിസോഴ്സ് മാപ്പിംഗ് സംഘടിപ്പിച്ചു. ഹെൽത്ത് റിസോഴ്സ് മാപ്പിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ പ്രാദേശിക ഭരണ സമിതിക്ക് സമർപ്പിക്കുകയും ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ഇതിനോടൊപ്പം വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾ നേരിടുന്ന തൊഴിൽപരമായ വൈഷമ്യങ്ങളും ആരോഗ്യപ്രശ്നങ്ങളും തിരിച്ചറിയുന്നതിനായി റിസോഴ്സ് പേഴ്സൺമാരുടെ സഹകരണത്തോടെ സർവ്വേ സംഘടിപ്പിച്ചു. ഹെൽത്ത് റിസോഴ്സ് മാപ്പിംഗ്, സർവ്വേ എന്നിവയിൽ നിന്ന് ലഭിച്ച വിവരങ്ങൾക്ക് പുറമേ ശ്രീശക്തി പോർട്ടലിലെ സംവാദവേദിയിൽ സ്ത്രീയും ആരോഗ്യവും എന്ന വിഷയം സംബന്ധിച്ച് ലഭിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പഠന സഹായി രൂപീകരണത്തിന് മുതൽക്കൂട്ടായി. **ഇതിന്റെ അടിസ്ഥാനത്തിൽ സ്ത്രീയും ആരോഗ്യവും എന്ന പേരിൽ 14 വ്യത്യസ്ത പഠന സഹായികൾ 14 ജില്ലകളിൽ തയ്യാറാക്കി.**

സ്ത്രീകൾ സ്വന്തം അനുഭവങ്ങളും, നിരന്തരം നേരിടുന്ന പ്രത്യക്ഷവും പരോക്ഷവുമായ വിവേചനങ്ങളും, വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളും, കുടുംബശ്രീ പ്രവർത്തനങ്ങൾ വഴി ആർജ്ജിച്ച കഴിവുകളും അവരുടെ തന്നെ വാക്കുകളിൽ എഴുതുക എന്ന ലക്ഷ്യത്തിലെത്താൻ അയൽക്കൂട്ട അംഗങ്ങളെ പ്രാപ്തരാക്കുക എന്നതായിരുന്നു സ്ത്രീപദവി സ്വയം പഠന പ്രക്രിയയുടെ അടുത്ത പ്രധാനഘട്ടം. പുസ്തകയാത്രയും, സ്ത്രീകൾ നേരിടുന്ന വിവേചനങ്ങളെ ചോദ്യം ചെയ്യുകയും സ്ത്രീകൾക്ക് സഹായകമായ നിയമ സേവന സംവിധാനങ്ങൾ പരിചയപ്പെടുത്തുകയും ചെയ്ത ഭേരി നാടകവും ഈ പ്രയാണത്തിൽ കുടുംബശ്രീ ചരിത്രത്തിലെ പുതിയ നാഴികക്കല്ലുകളായി മാറി. സ്ത്രീകൾ മാത്രം ഉൾപ്പെടുന്ന എഡിറ്റോറിയൽ ബോർഡ് രൂപീകരണം എല്ലാ സി ഡി എസ്സുകളിലും നടന്നു. എഡിറ്റോറിയൽ ബോർഡ് അംഗങ്ങളുടെ നേതൃത്വത്തിലും പിന്തുണയിലും അയൽക്കൂട്ട അംഗങ്ങൾ അവരുടെ പച്ചയായ ജീവിതം തുറന്നെഴുതാനുള്ള ആർജ്ജവം

പ്രകടിപ്പിച്ചു. മറ്റുള്ളവർക്ക് പ്രചോദനം നൽകാൻ കഴിയുന്ന തരത്തിലുള്ള തിരഞ്ഞെടുക്കപ്പെട്ട അനുഭവങ്ങൾ പൊതുവേദികളിൽ ചർച്ച ചെയ്യുന്നതിനും അവതരിപ്പിക്കുന്നതിനും അയൽക്കൂട്ട അംഗങ്ങളായ സ്ത്രീകൾ സന്നദ്ധരായി. അയൽക്കൂട്ട തലങ്ങളിൽ നിന്ന് ലഭിച്ച അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ചർച്ചകൾ സംഘടിപ്പിക്കുകയും വിശകലന കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്തു. വിശകലന കുറിപ്പുകളുടെ ക്രോഡീകരണം സി ഡി എസ്സ് , ബ്ലോക്ക് തലങ്ങളിൽ സംഘടിപ്പിക്കുകയും ജില്ലാ, ബ്ലോക്ക്, സി ഡി എസ്സ് തല പദവി റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു.

സ്ത്രീകൾ തങ്ങളുടെ വ്യക്തിപരമായ നൈപുണ്യത്തെ വിമർശനാത്മകമായും യുക്തിബോധത്തോടും കൂടി പരിശോധിക്കുകയും സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ ശാക്തീകരണത്തിന് പ്രേരണാശക്തിയോടെ പങ്കാളികളാവുകയും ചെയ്യുക എന്നത് സ്വയംപഠന പ്രവർത്തനം ആരംഭിക്കുന്ന വേളയിൽ വിഭാവനം ചെയ്ത ലക്ഷ്യങ്ങളിലൊന്നായിരുന്നു. അനുഭവങ്ങളുടെ തുറന്നെഴുത്ത് ഈ ലക്ഷ്യപ്രാപ്തിക്ക് പ്രേരകഘടകമായി മാറി. ഇതിന്റെ തുടർച്ചയും പദ്ധതിയുടെ പുതിയ കാൽവെയ്പ് എന്ന നിലയിലുമാണ് മൂന്നാംഘട്ട പഠന സഹായിയായി സഞ്ചാര സ്വാതന്ത്ര്യം എന്ന വിഷയത്തെ അധികരിച്ച് നടക്കുന്ന പ്രവർത്തനങ്ങൾ. പദവി റിപ്പോർട്ടിലെ കണ്ടെത്തലുകളും, ശ്രീശക്തി പോർട്ടലിലെ ''സ്ത്രീയും സഞ്ചാരസ്വാതന്ത്ര്യവും'' എന്ന ത്രെഡിനോടുള്ള പ്രതികരണമായി ആയിരക്കണക്കിന് കുടുംബശ്രീ അംഗങ്ങളും അല്ലാത്തവരുമായ സ്ത്രീകളുടെ കാഴ്ചപ്പാടുകളും വിശകലനങ്ങളും നിർദ്ദേശങ്ങളും സഞ്ചാരസ്വാതന്ത്ര്യം എന്ന വിഷയത്തിന്റെ പ്രാധാന്യവും ആവശ്യകതയെയും ബോദ്ധ്യപ്പെടുത്തുന്നു. പഠനസഹായി വിശകലനവും ചർച്ചയും പലപ്പോഴും യാന്ത്രികമായി മാറുന്ന സ്ഥിതിവിശേഷം കണ്ടു വരുന്നു. ഗ്രൂപ്പ് അംഗങ്ങളുടെ താത്പര്യവും ആത്മാർത്ഥതയും ഇതിനെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. റിസോഴ്സ് ഗ്രൂപ്പ് എന്ന നിലയിൽ ഈ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിക്കേണ്ട രീതിശാസ്ത്രം തയ്യാറാക്കേണ്ട ഉത്തരവാദിത്വം നമുക്ക് ഓരോരുത്തർക്കുമുണ്ട്. ഇത്തരത്തിൽ പഠനപ്രക്രിയ ഒരു നിരന്തര പ്രക്രിയയായി മാറ്റുക

......................................................................................................

# മൂന്നാം പഠന സഹായി ഉദ്ദേശ ലക്ഷ്യങ്ങൾ

ഓരോ അയൽക്കൂട്ടാംഗവും തങ്ങളുടെ അനുഭവങ്ങളുടെയും, അറിവിന്റെയും, വ്യക്തിപരവും – സാമൂഹികവുമായ അവസ്ഥയുടെയും അടിസ്ഥാനത്തിൽ സ്ത്രീകളുടെ പദവിയെ സ്വയം വിശകലനം ചെയ്യുക എന്നതാണ് സ്ത്രീ പദവി സ്വയം പഠന പ്രവർത്തനത്തിലൂടെ കുടുംബശ്രീ ചെയ്തു വരുന്നത്. സമൂഹത്തിലെ വിവിധ മണ്ഡലങ്ങളിലും ജീവിതത്തിന്റെ പല അവസ്ഥയിലും സ്ത്രീകളുടെ സ്ഥാനവും, അവകാശവും, നീതിയും, കഴിവുകളും എല്ലാം തന്നെ സ്ത്രീകളുടെ കൂട്ടായ്മയിലൂടെ തിരിച്ചറിയപ്പെടേണ്ടതാണ്. ഈ പ്രക്രിയ കുടുംബശ്രീ അയൽക്കൂട്ടപ്രവർത്തനങ്ങളിലെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളിലൂടെ സാധ്യമാവേണ്ടതാണ്.

**"സഞ്ചാരസ്വാതന്ത്ര്യം" എന്ന വിഷയത്തിലെ പഠന പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്....**

ഓരോ വ്യക്തിയുടെയും ചലനാത്മകത ഏതെല്ലാം ഘടകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന തിരിച്ചറിവ് ഉണ്ടാക്കുക.

- സ്ത്രീയുടെയും പുരുഷന്റെയും സഞ്ചാരവും ഇടപെടലുകളും വ്യത്യസ്തമാകാനുള്ള കാരണങ്ങൾ അനുഭവങ്ങളുടെ വിശകലനത്തിലൂടെ കണ്ടെത്തുക.
- വ്യക്തികളുടെ അവകാശവും നീതിയും അവസരങ്ങളും നിഷേധിക്കപ്പെടുന്നത് എവിടെയെല്ലാമെന്ന് കണ്ടെത്തുകയും ഈ അവകാശനിഷേധത്തിന്റെ കാരണങ്ങൾ മനസ്സിലാക്കുകയും ചെയ്യുക.
- പരുവപ്പെടുത്തലുകളുടെയും നിലവിലുള്ള സാമൂഹികവസ്ഥയുടെയും ഭാഗമായി സുരക്ഷിതത്വം നഷ്ടമാകുന്നത് ആർക്കെല്ലാമെന്ന് കണ്ടെത്തുക.
- സുരക്ഷിതത്വമില്ലായ്മയുടെ പരിണിതഫലം എന്തെന്ന് മനസ്സിലാക്കുക.
- സ്വാതന്ത്ര്യത്തെയും സുരക്ഷിതത്വത്തെയും ഹനിക്കുന്ന പ്രവണതകളെ മനസ്സിലാക്കി പ്രതികരിക്കുവാനും പ്രതിരോധിക്കുവാനും കഴിയുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.

- സ്ത്രീകൾക്കും കുട്ടികൾക്കൾക്കും സുരക്ഷിതമായ ഒരു അയൽക്കൂട്ടപ്രദേശം സൃഷ്ടിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളും പദ്ധതികളും രൂപീകരിക്കുക.
- നിലവിൽ സ്ത്രീകൾക്കും കുട്ടികൾക്കും ലഭ്യമാകേണ്ട എല്ലാ പിന്തുണാ സംവിധാനങ്ങളും പദ്ധതികളും നിയമസഹായങ്ങളും അർഹരായവരിലേയ്ക്ക് എത്തുന്നുണ്ടോയെന്ന് പരിശോധിച്ച് ലഭ്യതയും പ്രാപ്യതയും ഉറപ്പു വരുത്തക.

മേൽപ്പറഞ്ഞ തിരിച്ചറിവിലൂടെയും ഇടപെടലുകളിലൂടെയും സ്ത്രീകൾക്കും കുട്ടികൾക്കും സൗഹൃദപരമായ ഒരു സുരക്ഷിത അയൽക്കൂട്ട പ്രദേശമാക്കി ഓരോ അയൽക്കൂട്ടപ്രദേശത്തെയും മാറ്റുക.........

**"സഞ്ചാരസ്വാതന്ത്ര്യം" എന്ന പഠന പ്രവർത്തനത്തിന്റെ ഓരോ ഘട്ട പ്രവർത്തനങ്ങളിലൂടെയും ലക്ഷ്യമിടുന്നത്....**

**ഒന്നാം ഘട്ടം – സമൂഹവും സഞ്ചാരവും**

- "സഞ്ചാരസ്വാതന്ത്ര്യം" എന്നതിൽ കേവലം യാത്രകൾ മാത്രമല്ല ഉദ്ദേശിക്കുന്നത് എന്ന തിരിച്ചറിവ് ഉണ്ടാക്കുക.
- ചലനാത്മകത എന്താണെന്ന് അനുഭവങ്ങളിലൂടെയും ജീവിതാവസ്ഥയിലൂടെയും മനസ്സിലാക്കുക.
- ചലനങ്ങളുടെയും പ്രയാണങ്ങളുടെയും വ്യക്തി സ്വഭാവങ്ങളുടെയും മനോഭാവങ്ങളുടെയും അടിസ്ഥാനത്തിൽ ഇത് വിശകലനം ചെയ്യുക.
- ഓരോ അയൽക്കൂട്ടാംഗവും പഠിക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ടുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തന്റെ മനോഭാവത്തിൽ മാറ്റം വരുത്തുക.
- സമൂഹത്തിൽ നിലനില്ക്കുന്ന പരിധികളും പരിമിതികളും അവകാശനിഷേധങ്ങളുമെല്ലാം എന്തിനെ ആശ്രയിച്ചാണ്, എന്തുകൊണ്ടാണ് സൃഷ്ടിക്കപ്പെടുന്നത് എന്ന് മനസ്സിലാക്കാം.

- അവസരങ്ങളും അവകാശങ്ങളും നിഷേധിക്കപ്പെടുന്ന സന്ദർഭങ്ങൾ മനസ്സിലാക്കി പ്രതികരിക്കാൻ പറ്റുന്ന അവസ്ഥയിൽ ഓരോ അയൽക്കൂട്ടാംഗവും മാറുക.
- പൊതുമണ്ഡലങ്ങളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം ഉറപ്പിക്കുന്നതിനും, അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും, തീരുമാനങ്ങൾ എടുക്കുന്നതിനും ഓരോ അയൽക്കൂട്ടാംഗത്തെയും സജ്ജമാക്കുക.
- ഗ്രാമസഭ, ജാഗ്രതാസമിതി, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നീ പൊതുവേദികളിലെ ചർച്ചകളിലും പദ്ധതിരൂപീകരണത്തിലും പങ്കാളികളാകേണ്ടതിന്റെ ആവശ്യകത.
- സ്ത്രീയുടെ ശരീരത്തേയും അവളുടെ യാത്രകളേയും കുറിച്ച് സമൂഹത്തിനുള്ള കാഴ്ചപ്പാടിൽ വരുത്തേണ്ട തിരുത്തലുകൾ.
- കുടുംബത്തിലും സമൂഹത്തിലും സ്ത്രീകൾ ഉൾപ്പെടുന്ന എല്ലാ മേഖലകളിലും നീതിയും, തുല്യതയും, സഹകരണവും അവസരങ്ങളും സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കൽ.
- അയൽക്കൂട്ടാംഗങ്ങൾക്ക് വന്ന മാനസിക വ്യതിയാനത്തെ പഠനവിധേയമാക്കുകയും സഞ്ചാരസ്വാതന്ത്ര്യത്തിന്റെ വിശാലതയെ കുറിച്ചുള്ള പഠനങ്ങളിലൂടെ ഗാർഹികവും, സാമൂഹികവും, സാംസ്കാരികവുമായ തലങ്ങളിൽ സ്ത്രീയുടെ വ്യക്തിപരമായ ചലനാത്മകതയ്ക്ക് നിരക്കാത്ത എല്ലാ വെല്ലുവിളികളെയും കുറിച്ച് ബോദ്ധ്യപ്പെടുത്തുക.

.........................................................................................

## മൂന്നാം പഠന സഹായി- പ്രവർത്തനഘട്ടങ്ങൾ

മൂന്നാമത്തെ പഠനസഹായിയുടെ വ്യാപനം മുഖ്യമായും 4 ഘട്ടങ്ങളിലായി നടത്തുവാനാണ് താൽപര്യപ്പെടുന്നത് . ഓരോ ഘട്ടത്തിലും ആദ്യത്തെ 2 മാസം അയൽക്കൂട്ടങ്ങളിൽ വിഷയാധിഷ്ഠിതമായ ചർച്ചകളും ക്ലാസ്സുകളും നടക്കും. മൂന്നാമത്തെ മാസം ടി. വിഷയത്തെ ആസ്പദമാക്കിയുള്ള പ്രവർത്തനങ്ങൾ അയൽക്കൂട്ടങ്ങൾ/ എ.ഡി.എസ്സ്/ സി.ഡി.എസ്സ് തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. മൂന്നാമത്തെ മാസം പ്രവർത്തനങ്ങൾ നടക്കുമ്പോൾ ജില്ലാമിഷന്റെ നേതൃത്വത്തിൽ ജെൻഡർ ആർ.പി മാർക്ക് അടുത്ത ഘട്ടത്തിലെ പഠനസഹായി വ്യാപനത്തിനാവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. **സ്ത്രീകളുടെ സാമൂഹിക പ്രശ്നങ്ങളിലുള്ള നിരന്തരമായ ഇടപെടലുകളും സാമൂഹികവികസനത്തിലെ പങ്കാളിത്തവുമായിരിക്കും മൂന്നാമത്തെ പഠനസഹായിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങളുടെ പുരോഗതിയെ കാണിക്കുന്ന സൂചകങ്ങൾ.**

| **1-ാം ഘട്ടം** | |
|---|---|
| ഉപ വിഷയം | **സമൂഹവും സഞ്ചാരവും** |
| ലക്ഷ്യം | സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ ഹനിക്കുന്ന കാഴ്ചപ്പാടുകളിലും ജീവിതരീതികളിലുമുള്ള മാറ്റം. |
| ഉദ്ദേശം | നിലനിൽക്കുന്ന സാമൂഹിക വ്യവസ്ഥിതി സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യത്തെ എങ്ങനെ ബാധിക്കുന്നു എന്നത് മനസ്സിലാകാനുതകുന്ന ചർച്ചകളും അനിവാര്യമായ മാറ്റങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളും ഇടപെടലുകളും |
| **2-ാം ഘട്ടം** | |
| ഉപ വിഷയം | **സഞ്ചാരവും അതിക്രമങ്ങളും** |
| ലക്ഷ്യം | സ്ത്രീകൾക്കും സുരക്ഷിതമായ സഞ്ചാരം |
| ഉദ്ദേശം | • സഞ്ചാര സമയം, ഇടങ്ങൾ, മിത്തുകൾ, ഒറ്റയ്ക്കുള്ള യാത്രകൾ ഇവ അതിക്രമങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയുള്ള |

| | |
|---|---|
| | ചർച്ചയും വിശകലനവും<br>• പൊതുവാഹനങ്ങളിൽ/ സ്വന്തം വാഹനങ്ങളിൽ യാത്രചെയ്യുമ്പോൾ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും അവയുടെ പൊതുസ്വഭാവവും ചർച്ചയ്ക്ക് വിധേയമാക്കുക<br>• സുരക്ഷിതമായ സഞ്ചാരത്തിനായുള്ള ഇടപെടലുകൾ, പ്രാദേശിക പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കൽ. |
| **3-ാം ഘട്ടം** | |
| ഉപ വിഷയം | **സഞ്ചാരവും അവസരങ്ങളും** |
| ലക്ഷ്യം | സഞ്ചാരവുമായി ബന്ധപ്പെട്ട അവസരനിഷേധങ്ങൾ – ദാരിദ്ര്യം– ഉന്മൂലനം ചെയ്യുക |
| ഉദ്ദേശം | തൊഴിൽ, വിദ്യാഭ്യാസം, പൊതുരംഗങ്ങൾ, സാങ്കേതികവിദ്യ, സ്വയം പര്യാപ്തത, വിഭവങ്ങളുടേയും പൊതു ഇടങ്ങളുടേയും പ്രാപ്യതയും നിയന്ത്രണവും, പരിമിതമായ സാമൂഹികബന്ധങ്ങൾ എന്നിവ സഞ്ചാരസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടിരിക്കുന്നതും അതിന്റെ ഫലമായുള്ള അവസരനിഷേധങ്ങൾ ദാരിദ്ര്യത്തെ നിലനിർത്തുന്നതെങ്ങനെ എന്നതും ചർച്ചകളിലൂടെ വ്യക്തമാക്കുക. കൂടാതെ നിലവിലെ അവസ്ഥയ്ക്ക് അനിവാര്യമായ മാറ്റങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്യുക. |
| **4-ാം ഘട്ടം** | |
| ഉപ വിഷയം | **സഞ്ചാരവും അവകാശങ്ങളും** |
| ലക്ഷ്യം | സഞ്ചാരസ്വാതന്ത്ര്യം സ്ത്രീയ്ക്കും പുരുഷനും ഒരുപോലെ അവകാശപ്പെട്ടതാണ്. ഈ അവബോധം വ്യാപിപ്പിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക. |
| ഉദ്ദേശം | • സഞ്ചാരസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങളും നിയമ പരിരക്ഷയും സംബന്ധിച്ച അവബോധം സൃഷ്ടിക്കുക |

| | |
|---|---|
| | • പ്രാദേശിക പിന്തുണാ സംവിധാനങ്ങൾ, അവ പൊതുജനങ്ങൾക്ക് ലഭ്യമാകാൻ വേണ്ട നടപടികൾ ഇവയെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുക<br>• സഞ്ചാരസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് സ്ത്രീകളുടെ സ്വപ്നങ്ങൾ പങ്കുവയ്ക്കാനുള്ള അവസരമുണ്ടാക്കുക. |

..........................................................................................

## പഠനസഹായി വ്യാപനത്തിലൂടെ നാം പ്രതീക്ഷിക്കേണ്ട മാറ്റം

- നാലു ഘട്ടങ്ങളായാണ് പഠനസഹായി വ്യാപനം ഉദ്ദേശിക്കുന്നത്. ഓരോ ഘട്ടത്തിലും പഠനസഹായി വ്യാപനവും അനുബന്ധ പ്രവർത്തനങ്ങളും 3 മാസങ്ങളിലായി ക്രമീകരിച്ചിരിക്കുന്നു.
  - *സമൂഹവും സഞ്ചാരവും*
  - *സഞ്ചാരവും അതിക്രമങ്ങളും*
  - *സഞ്ചാരവും അവസരങ്ങളും*
  - *സഞ്ചാരവും അവകാശങ്ങളും*

<u>**വിവിധഘട്ടങ്ങളും പ്രത്യേക ക്രമപ്പെടുത്തലും**</u>

പഠനസഹായി വ്യാപനം പ്രവർത്തനാധിഷ്ഠിതവും അയൽക്കൂട്ടാംഗങ്ങളുടെ സമ്പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുന്നതുമാകണം. ഇതിനായി അയൽക്കൂട്ടതലം വരെ സപ്പോർട്ട് ടീം രൂപീകരിക്കേണ്ടതാണ്. മുഴുവൻ ചർച്ചകളും പ്രവർത്തനങ്ങളും മാറ്റങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

- <u>**ഒന്നാം ഘട്ടം**</u>

ഈ ഘട്ടത്തിൽ അവസ്ഥാവിശകലനത്തിന് ഊന്നൽ കൊടുക്കുന്നു.
ചർച്ചകളിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ:

- ചലനാത്മകതയും വ്യക്തിവികാസവും– കാഴ്ചപ്പാടുകൾ, ചിന്തകൾ, ധാരണകൾ, **അവസ്ഥ**
  - വ്യക്തിപരമായവ
  - സാമൂഹികമായവ
- ചർച്ചയിൽ ഉരുത്തിരിഞ്ഞു വന്ന ഘടകങ്ങളുടെ വ്യാപ്തിയും സ്വാധീനവും എന്തൊക്കെയാണ്

അധിക വിവരങ്ങൾക്ക് വേണ്ട പഠന ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്. ക്ലാസ്സിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ഓരോ അയൽക്കൂട്ടവും തയ്യാറാക്കേണ്ടതാണ്.

- വ്യക്തികളിലും സമൂഹത്തിലും വരേണ്ട മാറ്റങ്ങൾ
- പുതിയ ചിന്തകൾ (ആദ്യമാദ്യം വേറിട്ട ചിന്തകളാകാം)
- ഒറ്റയ്ക്കും കൂട്ടമായും നടത്തേണ്ട ഇടപെടലുകൾ
- വിഷയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ– അയൽക്കൂട്ടതലം– വാർഡ് തലം– പഞ്ചായത്തുതലം

- **സാഹചര്യങ്ങൾ ഉൾക്കൊണ്ട് മാറ്റങ്ങൾക്ക് തയ്യാറായി കൂടുതൽ സാമൂഹിക ഇടപെടലുകൾ നടത്തുന്ന അയൽക്കൂട്ടാംഗങ്ങളെ ആദ്യഘട്ട പഠനസഹായി വ്യാപനത്തിന്റെ ഫലമായി സജ്ജരാക്കേണ്ടതാണ്.**

- <u>രണ്ടാം ഘട്ടം</u>

ഈ ഘട്ടത്തിൽ അവസ്ഥകളുടെ സ്വാധീനത്തിന് ഊന്നൽ കൊടുക്കുന്നു. പ്രത്യേകമായി അതിക്രമങ്ങളെ അടിസ്ഥാനമാക്കിയ ചർച്ചകളാകാം. അവകാശനിഷേധങ്ങൾ അതിക്രമത്തിനു തുല്യമാണ് എന്ന ബോധം എല്ലാവരിലും എത്തിക്കാവുന്നതാണ്.

ചലനാത്മകതയുടെ സ്വാധീനവും അതിക്രമങ്ങളും എന്ന ചർച്ചയിൽ താഴെ പറയുന്ന വിഷയങ്ങൾക്ക് മുൻതൂക്കം കൊടുക്കേണ്ടതാണ്.

- അതിക്രമങ്ങളും ചലനാത്മകതയും തമ്മിലുള്ള ബന്ധം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ (എന്താണ് അതിക്രമം, വിവിധതരം അതിക്രമങ്ങൾ എന്തെല്ലാം)
- അതിക്രമങ്ങൾ തടയുന്നതിനും പ്രതിരോധിക്കുന്നതിനും നിലവിലെ അവസ്ഥയിൽ വരുത്തേണ്ട മാറ്റങ്ങൾ / സൃഷ്ടിക്കേണ്ട പുതിയ സാഹചര്യങ്ങൾ

ചർച്ചകളുടെ വിശദാംശങ്ങളുമായി അയൽക്കൂട്ടാംഗങ്ങൾ അധിക വിവരങ്ങൾ ഉൾകൊള്ളിച്ച് സംഘടിപ്പിക്കുന്ന പഠന ക്ലാസ്സുകളിൽ പങ്കെടുക്കേണ്ടതാണ്. ക്ലാസ്സുകളിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾക്കൊണ്ട് ഓരോ അയൽക്കൂട്ടവും താഴെ പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്.

- അയൽക്കൂട്ട പ്രദേശം കേന്ദ്രീകരിച്ചുള്ള പ്രാദേശിക പഠനസംഘങ്ങളും പഠനക്കുറിപ്പുകളും ഉണ്ടാവേണ്ടതാണ്.
- അയൽക്കൂട്ട പ്രദേശത്തു നടക്കുന്ന അതിക്രമങ്ങൾ പ്രതിരോധിക്കാനും അടിയന്തര ഇടപെടലുകൾക്കും തിരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടാംഗങ്ങൾക്ക് പ്രാപ്തിവർദ്ധനവിനുള്ള ക്ലാസ്സുകൾ ജാഗ്രതാസമിതിയും ജെൻഡർ കോർണറും സംയോജിതമായി നൽകുന്നു.

- **അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനും അതിക്രമങ്ങളിൽ ഇടപെടുന്നതിനും സന്നദ്ധരായ സ്ത്രീകളുടെ പ്രാദേശിക കൂട്ടായ്മകൾ**

- **<u>മൂന്നാം ഘട്ടം</u>**

സ്ത്രീകളുടെ അവസരങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ചർച്ചകളും ക്ലാസ്സുകളും സംഘടിപ്പിക്കുന്നു. താഴെ പറയുന്ന വിഷയങ്ങളെ അധികരിച്ചുള്ള ചർച്ചകളാകാം.

- ചലനാത്മകത അവസരങ്ങളെ എങ്ങനെ ബാധിക്കുന്നു
    - ശാരീരികം
    - ബൗദ്ധികം
    - സാംസ്ക്കാരികം
    - തൊഴിൽപരം
    - വ്യക്തിബന്ധങ്ങൾ
    - സാമൂഹികം

ഓരോ അയൽക്കൂട്ടാംഗങ്ങളുടേയും ലഭിച്ചതും നഷ്ടപ്പെട്ടതുമായ അവസരങ്ങളെ ഒരു പട്ടികയാക്കി കാരണങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതാണ്.

- വ്യക്തിപരമായും കുടുംബാംഗങ്ങൾക്കിടയിലും സമൂഹത്തിലും അവസരങ്ങൾക്കായി ചലനാത്മകത മെച്ചപ്പെടുത്തുന്നതെങ്ങനെ
- സ്ത്രീകൾക്കും പുരുഷൻമാർക്കും ലഭിക്കുന്ന/ ലഭിക്കേണ്ട /ലഭിക്കാവുന്ന അവസരങ്ങൾ

ചർച്ചകളുടെ വിശദാംശങ്ങളുമായി അയൽക്കൂട്ടാംഗങ്ങൾ പഠനക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്.

ജെൻഡർ കോർണറിന്റെ നേതൃത്വത്തിൽ ടി വിഷയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. ഉദാ: ഗൈഡൻസ് സെൽ, തൊഴിൽ ദായകരുടേയും തൊഴിലെടുക്കുന്നവരുടേയും തൊഴിൽ ആവശ്യമുള്ളവരുടേയും സർവ്വേ, വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പി. ആർ. എ., മുതലായവ.

- **അവസരങ്ങൾ തിരിച്ചറിഞ്ഞ് അവ നേടിയെടുക്കാൻ വേണ്ട പ്രവർത്തനങ്ങൾ / മാറ്റങ്ങൾക്കുവേണ്ടി ശ്രമിക്കുന്ന അയൽക്കൂട്ടാംഗങ്ങൾ**

- **<u>നാലാം ഘട്ടം</u>**

പൗരാവകാശങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ചർച്ചകളും പ്രവർത്തനങ്ങളും. ചർച്ചയിൽ ചലനാത്മകതയുമായി ബന്ധപ്പെടുത്തി താഴെ പറയുന്ന വിഷയങ്ങൾ നിർബന്ധമായും ചർച്ച ചെയ്യേണ്ടതാണ്.

  - പൗരാവകാശങ്ങൾ
  - ഭരണഘടന അനുശാസിക്കുന്ന വിശേഷാധികാരങ്ങളും മുൻഗണനകളും
  - നിയമപരമായ പിന്തുണകൾ
  - പൗരത്വം / രണ്ടാം കിട പൗരത്വം

ചർച്ചയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും പഠന ക്ലാസ്സിൽ പുനർവ്യാഖ്യാനിക്കപ്പെടേണ്ടതുമാണ്. ക്ലാസ്സിൽ നിന്നും ലഭിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി ഓരോ അയൽക്കൂട്ടവും പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നു. മുഴുവൻ പ്രവർത്തനങ്ങളുടേയും ഉദ്ദേശം താഴെ പറയുന്നവ ആയിരിക്കണം.

  - അവകാശ സംരക്ഷണം– ഇടപെടലുകൾ, സാമൂഹ്യാധിഷ്ഠിത സംവിധാനങ്ങൾ, വകുപ്പുതല സംയോജനത്തിന്റെ സാദ്ധ്യതകൾ, സംയോജനം സി.ഡി.എസ്സ് തലത്തിൽ.

- **അവകാശങ്ങൾ തിരിച്ചറിയുന്ന ചലനാത്മകതയെ ബാധിക്കുന്ന സാമൂഹികസംവിധാനം മാറ്റുവാൻ പ്രാപ്തരായ അതിക്രമങ്ങളെ ചെറുത്ത് അവസരങ്ങൾ നേടിയെടുക്കുന്ന അതിന് പരസ്പരം നിലകൊള്ളുന്ന അയൽക്കൂട്ടാംഗങ്ങൾ**

……………………………………………………………………………………………

## മൂന്നാം പഠനസഹായിയുടെ പ്രചരണവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ

താഴെ പറയുന്ന ഓരോ തലങ്ങളിലുമുള്ള പരിശീലനങ്ങൾ പഠനസഹായിയുടെ ഓരോ ഘട്ടത്തിന്റെയും പ്രാരംഭത്തിൽ നടക്കേണ്ടതാണ്. ഈ പരിശീലനങ്ങളിലൂടെയെല്ലാം സഞ്ചാരസ്വാതന്ത്ര്യം എന്ന വിഷയത്തിന്മേൽ ആഴത്തിലുള്ള പഠനവും ചർച്ചയും നടക്കേണ്ടതാണ്. എല്ലാ പരിശീലനങ്ങളിലും അതാത് ഘട്ടങ്ങളുമായി ബന്ധപ്പെട്ട ഉദ്ദേശലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, പഠനരീതി, വിലയിരുത്തൽ (മോണിറ്ററിംഗ് & ഇവാല്യുവേഷൻ) എന്നിവയെല്ലാം ചർച്ച ചെയ്ത് എല്ലാ റിസോഴ്സ് പേഴ്സന്മാരും മനസ്സിലാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**സംസ്ഥാനതല പരിശീലനം**

1. സംസ്ഥാനതല ജെൻഡർ ടീം, ജി. ആർ. പി. സി മാർ എന്നിവരുടെ വിഷയത്തിൻമേൽ ഉള്ള ചർച്ച.
2. സംസ്ഥാനതല റിസോഴ്സ് ടീം അംഗങ്ങൾക്കുള്ള പരിശീലനം.
3. ജി. ആർ. പി. സി മാർക്കും സംസ്ഥാനതല റിസോഴ്സ് പേഴ്സന്മാർക്കുമായിട്ടുള്ള പഠനസഹായി വ്യാപനത്തിനുള്ള പരിശീലനകളരി. (ഉദ്ദേശലക്ഷ്യങ്ങൾ, പഠനസഹായി പ്രവർത്തനഘട്ടങ്ങൾ, രീതിശാസ്ത്രം, സമയം, വിലയിരുത്തലും നിരീക്ഷണവും, പരിണിതഫലവും).

**ജില്ലാതല പരിശീലനം**

1. കോർ ടീം അംഗങ്ങൾക്കായി വിഷയത്തിന്മേൽ ഉള്ള വിദഗ്ദ്ധ പരിശീലനം.
2. ജില്ലാതല റിസോഴ്സ് പേഴ്സൺമാർക്കുമായിട്ടുള്ള പരിശീലനം – 3 ദിവസം. (വിഷയത്തിന്മേലുള്ള പഠനം, ഉദ്ദേശലക്ഷ്യങ്ങൾ, പഠനസഹായി പ്രവർത്തനഘട്ടങ്ങൾ, പഠനസഹായി വ്യാപനം, രീതിശാസ്ത്രം, സമയം, വിലയിരുത്തലും നിരീക്ഷണവും, പരിണിതഫലവും)

3. ജില്ലാതല സപ്പോർട്ട് ടീം അംഗങ്ങൾക്കുള്ള പരിശീലനം – 2 ദിവസം. (വിഷയം, പ്രവർത്തനഘട്ടങ്ങൾ, പഠനസഹായി വ്യാപനം, രീതിശാസ്ത്രം, നടപ്പിലാക്കൽ – അയൽക്കൂട്ടതലം)
4. സി.ഡി.എസ് ചെയർപേഴ്സൺമാർക്കും, സാമൂഹിക വികസന ഉപസമിതി കൺവീനർമാർക്കും ഉള്ള ഏകദിന ശില്പശാല.

## സി.ഡി.എസ് തല പരിശീലനം

1. സി.ഡി.എസ് തല റിസോഴ്സ് പേഴ്സൺമാർക്കുമായിട്ടുള്ള പരിശീലനം – 2 ദിവസം.
2. സി.ഡി.എസ് തല സപ്പോർട്ട് ടീം അംഗങ്ങൾക്കുള്ള പരിശീലനം – 2 ദിവസം.
3. ജനപ്രതിനിധികൾക്കും, ജാഗ്രതാസമിതി അംഗങ്ങൾക്കും, മറ്റു തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ ജനപ്രതിനിധികൾക്കുമായിട്ടുള്ള കൺസൽട്ടേഷൻ മീറ്റിംഗ് (പഠനസഹായി പരിചയപ്പെടുത്തൽ).

## എ.ഡി.എസ് തല പരിശീലനം

1. എ.ഡി.എസ് തല സപ്പോർട്ട് ടീം അംഗങ്ങൾക്കുള്ള ഏകദിനപരിശീലനം – 1 ദിവസം.
2. അയൽക്കൂട്ട, ജെൻഡർ പ്രതിനിധികളുടെ ഏകദിന പരിശീലനം (പഠനസഹായി പ്രവർത്തനങ്ങളുടെ ചർച്ച).

പഠനസഹായി വ്യാപനത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ സി ഡി എസ്സ് എ ഡി എസ്സ് തലങ്ങളിൽ പ്രാപ്തി വർദ്ധനവിനുള്ള തുടർ പരിശീലനങ്ങൾ ആവശ്യമായി വരും. ഇത്തരം പരിശീലനങ്ങൾ യഥാസമയം സംഘടിപ്പിക്കുന്നതിനുള്ള ക്രമീകരണവും ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ സഹകരണത്തോടെ നടത്തേണ്ടതുണ്ട്.

……………………………………………………………………………………………

## പഠന സഹായി വ്യാപനവുമായി ബന്ധപ്പെട്ട പോർട്ടൽ പ്രവർത്തനങ്ങൾ

പഠന സഹായി വ്യാപനത്തിന്റെ ഓരോ ഘട്ടത്തിലും ചർച്ചക്കുള്ള സൂചകങ്ങൾ (ചിത്രങ്ങൾ, സംഭാഷണശകലങ്ങൾ, ലേഖനങ്ങൾ, .....) എന്നിവ പോർട്ടൽ വഴി ലഭ്യമാകുന്നതാണ്. പോർട്ടലിന്റെ ഒരു നിശ്ചിത ടാബിൽ നിന്നും ഇവ ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഈ മെറ്റീരിയൽ ഫോൺ മുഖേന/ കമ്പ്യൂട്ടർ മുഖേന/ പ്രിന്റ് എടുത്ത് ചർച്ചയിൽ അവതരിപ്പിക്കാവുന്നതാണ്. ഇതിനായി സപ്പോർട്ട് ടീമിനെ സഹായിക്കേണ്ടതും ബന്ധപ്പെട്ട സാമഗ്രികൾ ലഭ്യമാക്കേണ്ടതും സി. ഡി. എസ്സുകളാണ്.

ചർച്ചയിലൂടെ ഉരുത്തിരിയുന്ന ആശയങ്ങളും സംശയങ്ങളും പോർട്ടലിലെ നിശ്ചിത ടാബിൽ രേഖപ്പെടുത്തേണ്ടതാണ്. പഠനസഹായി രൂപീകരണം, ക്രോഡീകരണം മറ്റു വിശദീകരണങ്ങൾ എന്നിവ ശ്രീശക്തി പോർട്ടലിന്റെ പ്രൈവറ്റ് പേജിലും പഠനസഹായി വ്യാപനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചർച്ചയുടെ വിശദാംശങ്ങൾ, പ്രവർത്തന വിശദാംശങ്ങൾ, വിഷയത്തെ അടിസ്ഥാനമാക്കിയ മറ്റു സംവാദങ്ങൾ ഇവ പബ്ലിക്ക് പേജിലും ക്രമീകരിക്കുന്നതാണ്.

..........................................................................................

## പഠനസഹായി വ്യാപനവും ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങളും

**പഠനസഹായി വ്യാപനവും ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങളും നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ നടപ്പാക്കേണ്ടതാണ്.**

### പ്രവർത്തന മേൽനോട്ടവും വിലയിരുത്തലും

| | |
|---|---|
| പരിശീലനങ്ങൾ | • സംസ്ഥാന- ജില്ലാമിഷനുകൾ നിർദ്ദേശിക്കുന്ന പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. അധിക പരിശീലനങ്ങൾ ആവശ്യമെങ്കിൽ ജില്ലാമിഷന്റെ അനുമതിയോടെ സംഘടിപ്പിക്കാവുന്നതാണ്. |
| ചർച്ചാ സൂചകങ്ങൾ | • ശ്രീശക്തി പോർട്ടൽ, ജില്ലാമിഷൻ- ജെൻഡർ റിസോഴ്സ്പേഴ്സൺ മുഖേന ലഭിക്കുന്നതാണ്. |
| വിശദീകരണ ക്ലാസ്സുകൾ | • ക്ലസ്റ്റർ, വാർഡ്, സി.ഡി.എസ്സ് തലങ്ങളിൽ വിശദീകരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. |
| അധിക വായനക്കുള്ള മെറ്റീരിയലുകൾ | • ശ്രീശക്തി പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്. ടി മെറ്റീരിയലുകൾ തയ്യാറാക്കുന്നതിനുവേണ്ട വസ്തുതകൾ (ചർച്ചയിൽ നിന്നും ഉരുത്തിരിഞ്ഞു വന്നത്) യഥാസമയം പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. |
| പഠന പ്രവർത്തനങ്ങൾ | • പ്രവർത്തനങ്ങൾ അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ചോ ക്ലസ്റ്റർ/ എ.ഡി.എസ്സ്/ സി.ഡി.എസ്സ് തലത്തിലോ ആവിഷ്ക്കരിക്കാവുന്നതാണ്.<br>• അയൽക്കൂട്ടാംഗങ്ങളും സപ്പോർട്ട് ടീമംഗങ്ങളും ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. സപ്പോർട്ട് ടീമംഗങ്ങൾ പ്രവർത്തനവിശദാംശങ്ങൾ ബന്ധപ്പെട്ട ജെൻഡർ റിസോഴ്സ്പേഴ്സണുമായി ചർച്ചചെയ്തതിനു ശേഷമേ നടപ്പിലാക്കാവൂ. പ്രവർത്തനങ്ങളുടെ വിവരങ്ങൾ അടുത്ത തലത്തിലെ ജെൻഡർ ആർ. പി, സപ്പോർട്ട് ടീമംഗങ്ങളെ അറിയിക്കുകയും എല്ലാ പ്രവർത്തനങ്ങളും ജില്ലാ മിഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.<br>• സി. ഡി.എസ്സ് തലത്തിലുള്ള പ്രവർത്തനങ്ങൾ ജെൻഡർ റിസോഴ്സ് പേഴ്സൺ മുഖേന ജില്ലാമിഷന്റെ അനുവാദത്തോടുകൂടി മാത്രമേ സംഘടിപ്പിക്കാവൂ. |
| എ.ഡി. എസ്സ്/ സിഡി.എസ്സ് നൽകേണ്ട സഹായങ്ങൾ | • എല്ലാ അയൽക്കൂട്ടാംഗങ്ങളും പഠനപ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ ജെൻഡർ റിസോഴ്സ് പേഴ്സൺമാർക്ക് വേണ്ട സഹായങ്ങൾ നൽകുക<br>• ജെൻഡർ റിസോഴ്സ്പേഴ്സൺമാർക്ക് ശ്രീശക്തി പോർട്ടൽ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുക.<br>• പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ |

| | |
|---|---|
| | യഥാസമയം ജില്ലാമിഷനിലേക്ക് എത്തിക്കുക.<br>• പ്രവർത്തന പരിപാടികൾ ജില്ലാമിഷനെ അറിയിക്കുകയും പ്രവർത്തനാനുമതി നേടുകയും ചെയ്യുക.<br>• പഠനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ജെൻഡർ റിസോഴ്സ് പേഴ്സൺമാരെയും സപ്പോർട്ട് ടീമംഗങ്ങളേയും സഹായിക്കുക.<br>• പ്രവർത്തനറിപ്പോർട്ട് കൃത്യമായി ജില്ലാമിഷനിൽ എത്തിക്കുക. |
| ജെൻഡർ റിസോഴ്സ് പേഴ്സൺ | • പരിശീലനം ലഭിച്ച വിഷയങ്ങളെ അധികരിച്ച് പരിശീലനം നൽകുക<br>• പരിശീലനത്തിന്റെ കോർഡിനേഷൻ<br>• വിവിധ പ്രവർത്തനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ സി. ഡി. എസ്സിനെ അറിയിക്കുകയും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുവേണ്ട സഹായങ്ങൾ നൽകുകയും ചെയ്യുക.<br>• സപ്പോർട്ടിംഗ് ടീമംഗങ്ങൾക്ക് ആവശ്യമായ നിർദ്ദേശവും പിന്തുണയും നൽകുക |
| സപ്പോർട്ടിംഗ് ടീമംഗങ്ങൾ | • പഠന സഹായിയിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ താഴെത്തട്ടിലെത്തിക്കുക.<br>• മുഴുവൻ അയൽക്കൂട്ടാംഗങ്ങളേയും പഠന പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുക<br>• ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും വിഷയവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ അയൽക്കൂട്ടാംഗങ്ങളിലെത്തിക്കുകയും ചെയ്യുക.<br>• ജെൻഡർ റിസോഴ്സ്പേഴ്സൺമാരുമായി ചേർന്ന് വിശദീകരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ഈ ക്ലാസ്സുകളിൽ മുഴുവൻ അയൽക്കൂട്ടാംഗങ്ങളേയും പങ്കെടുപ്പിക്കുക.<br>• ജില്ലാ സപ്പോർട്ട് ടീമംഗങ്ങൾ പോർട്ടലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഇതിനായി സി. ഡി. എസ്സിലേയും എ. ഡി. എസ്സിലേയും പോർട്ടൽ പരിശീലനം ലഭിച്ച അംഗങ്ങളുടെ സഹായം തേടാവുന്നതാണ്. അത്യാവശ്യ ഘട്ടങ്ങളിൽ മാസ്റ്റർ ട്രെയിനർമാരുടെ സഹായവും പ്രയോജനപ്പെടുത്താവുന്നതാണ്. |
| പോർട്ടൽ മാസ്റ്റർ ട്രെയിനർമാർ | • സി. ഡി. എസ്സ് തലത്തിലുള്ള സപ്പോർട്ട് ടീമിനുള്ള പരിശീലനം നൽകുക.<br>• സി. ഡി. എസ്സ് സപ്പോർട്ട് ടീമംഗങ്ങൾ പോർട്ടലിൽ വേണ്ട വിവരങ്ങൾ യഥാസമയം ചേർക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.<br>• പഠനസഹായി വ്യാപനവുമായി ബന്ധപ്പെട്ട് ജില്ലാമിഷൻ |

| | |
|---|---|
| | നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക. |
| മോണിറ്ററിംഗ് | |
| എ.ഡി. എസ്സ് | • വിവിധ പഠന പ്രവർത്തനങ്ങൾ സി.ഡി.എസ്സിനെ അറിയിക്കുകയും അയൽക്കൂട്ടത്തിലെ മറ്റു പ്രവർത്തനങ്ങൾക്കൊപ്പം ഈ പ്രവർത്തനങ്ങളും മാസത്തിലൊരിക്കൽ വിലയിരുത്തുക.<br>• പഠനപ്രവർത്തനങ്ങളിൽ എല്ലാ അയൽക്കൂട്ടാംഗങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക. |
| സി.ഡി.എസ്സ് | • ജെൻഡർ റിസോഴ്സ്പേഴ്സൺമാർക്ക് ശ്രീശക്തി പോർട്ടൽ ഉപയോഗിക്കുന്നതിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുക.<br>• 2 ആഴ്ചയിലൊരിക്കൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക.<br>• ജെൻഡർ റിസോഴ്സ്പേഴ്സൺമാർ വിവരങ്ങൾ ശ്രീശക്തി പോർട്ടലിൽ ചേർക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക<br>• സി.ഡി.എസ്സ്തല സപ്പോർട്ട് ടീമിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുക. |
| ജെൻഡർ റിസോഴ്സ് പേഴ്സൺ | • പഠന പ്രവർത്തനങ്ങൾക്കു വേണ്ട നേതൃത്വം നൽകുക.<br>• പഠനപ്രവർത്തനങ്ങളിലുള്ള അയൽക്കൂട്ടങ്ങളുടെ പങ്കാളിത്തം വിലയിരുത്തുക<br>• സി.ഡി. എസ്സ്., ബ്ലോക്ക് തലങ്ങളിൽ പഠന പ്രവർത്തനങ്ങളുടെ റിവ്യൂ നടത്തുക.<br>• ജി എസ്സ് എൽ പി യുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും സി. ഡി. എസ്സിനെ, എ.ഡി. എസ്സിനെ, സപ്പോർട്ട് ടീമംഗങ്ങളെ സഹായിക്കുക.<br>• ഡോക്യുമെന്റേഷനും റിപ്പോർട്ടിംഗും. |
| സപ്പോർട്ടിംഗ് ടീം | • പഠനസഹായി വ്യാപനം- പരിശീലനം, ചർച്ച, വിശദീകരണ ക്ലാസ്സുകൾ, പോർട്ടൽ പ്രവർത്തനം, പഠനസഹായിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.<br>• മോണിറ്ററിംഗ്<br>• റിപ്പോർട്ടിംഗ്- വിവിധ തലത്തിലുള്ള സപ്പോർട്ട് ടീമംഗങ്ങൾ, എ. ഡി. എസ്സ്, സി. ഡി. എസ്സ്, ജെൻഡർ ആർ. പി., മാസ്റ്റർ ട്രെയിനർ, ജില്ലാമിഷൻ.<br>• ശ്രീശക്തി പോർട്ടലിൽ വിവരങ്ങൾ ചേർക്കുകയും മറ്റു സി. ഡി. എസ്സിലെ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും കൂടുതൽ വിവരങ്ങൾ അയൽക്കൂട്ടതലം വരെ എത്തിക്കുകയും ചെയ്യുക. |
| പോർട്ടൽ മാസ്റ്റർ ട്രെയിനർമാർ | • പോർട്ടലിൽ പഠനസഹായിയുമായിബന്ധപ്പെട്ട വികസനങ്ങളും പുതിയ വിവരങ്ങളും നിരീക്ഷിക്കുക. ഇവ സപ്പോർട്ട് ടീമംഗങ്ങൾ |

| | |
|---|---|
| | അയൽക്കൂട്ടാംഗങ്ങളിലേക്കെത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.<br>• സപ്പോർട്ട് ടീമംഗങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക.<br>• ജില്ലാമിഷന്റെ നിർദ്ദേശാനുസരണമുള്ള പ്രവർത്തനങ്ങൾ. |
| ജില്ലാ മിഷൻ | • പഠന പ്രവർത്തനങ്ങൾക്ക് ആവശ്യാനുസരണം റിസോഴ്സ്പേഴ്സണ്മാരെ കണ്ടെത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുക.<br>• റിസോഴ്സ് പേഴ്സൺമാരുടെ പ്രവർത്തനം കൃത്യമായി അവലോകനം ചെയ്യുകയും പ്രവർത്തനങ്ങൾ കൃത്യമായി നടക്കാത്ത അവസ്ഥയുണ്ടെങ്കിൽ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.<br>• പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ ശേഖരിക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന് ഫീൽഡ് വിസിറ്റ് നടത്തുകയും ചെയ്യുക.<br>• പ്രവർത്തനറിപ്പോർട്ട് സംസ്ഥാനമിഷനെ കൃത്യമായി അറിയിക്കുകയും ഇടപെടലുകൾ ആവശ്യമെങ്കിൽ അതിനായി ആവശ്യപ്പെടുകയും ചെയ്യുക.<br>• പഠനസഹായി വ്യാപനത്തിനും പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തപ്പെടുന്നതിനും ശ്രീശക്തി പോർട്ടൽ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും പരിമിതികൾ പരിഹരിക്കുകയും ചെയ്യുക. |
| സംസ്ഥാനമിഷൻ | • സപ്പോർട്ട് മെറ്റീരിയലുകൾ, റിപ്പോർട്ടിംഗ് ഫോർമാറ്റുകൾ തയ്യാറാക്കുക<br>• പഠനസഹായി വ്യാപനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും ജില്ലാമിഷൻ ആവശ്യപ്പെടുന്ന എല്ലാ സഹായങ്ങളും നൽകുക.<br>• റിസോഴ്സ്പേഴ്സൺമാർക്ക് പ്രാപ്തിവർദ്ധനവിനുവേണ്ട പരിശീലനങ്ങൾ സംഘടിപ്പിക്കുക<br>• ഫീൽഡ് വിസിറ്റ്<br>• പ്രവർത്തനാവലോകനം നടത്തുക. |
| കൺസോളിഡേഷൻ | |
| എ.ഡി. എസ്സ് | അയൽക്കൂട്ടങ്ങളിലെ പഠനപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ജെൻഡർ റിസോഴ്സ്പേഴ്സൺമാരുടെ സഹായത്തോടുകൂടി ക്രോഡീകരിച്ച് സി.ഡി.എസ്സിനു നൽകേണ്ടതുമാണ്. |
| സി.ഡി.എസ്സ് | സി.ഡി.എസ്സിലേക്ക് ലഭിക്കുന്ന വിവരങ്ങൾ ജെൻഡർ റിസോഴ്സ്പേഴ്സൺമാരുടെ സഹായത്തോടുകൂടി ക്രോഡീകരിച്ചശേഷം ജില്ലാമിഷനിലേക്ക് എത്തിക്കുക, ക്രോഡീകരണത്തിന് ആവശ്യമായ വിവരങ്ങൾ ശ്രീശക്തി |

| | |
|---|---|
| | പോർട്ടലിലേക്ക് ചേർക്കുക |
| ജില്ലാ മിഷൻ | ജില്ലാതലത്തിൽ ക്രോഡീകരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും സംസ്ഥാനമിഷന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് നിർദ്ദിഷ്ഠ സമയപരിധിക്കുള്ളിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. |
| റിപ്പോർട്ടിംഗ് | അയൽക്കൂട്ടത്തിലും എ.ഡി.എസ്സിലും സി.ഡി.എസ്സിലും പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുക.<br>റിപ്പോർട്ട് ചെയ്യേണ്ടത്:<br>ജെൻഡർ റിസോഴ്സ് പേഴ്സൺ- സി.ഡി.എസ്സ്, ജില്ലാമിഷൻ, ശ്രീശക്തിപോർട്ടൽ<br>ജില്ലാമിഷൻ- സംസ്ഥാനമിഷൻ, ശ്രീശക്തിപോർട്ടൽ |
| പദവി റിപ്പോർട്ട് | സി.ഡി.എസ്സ് തലത്തിൽ അനുഭവങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ പദവി റിപ്പോർട്ടും ചർച്ച- പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടും വിശകലനം ചെയ്തതിനുശേഷം പദവി റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. |
| പ്രവർത്തനങ്ങളുടെ ഫോളോ അപ്പ് (ആവശ്യമെങ്കിൽ മാത്രം) | ഫോളോ അപ്പ് ആവശ്യമുള്ള പ്രവർത്തനങ്ങൾ സംസ്ഥാനമിഷന്റെ അനുമതിയോടുകൂടി നടപ്പിലാക്കാവുന്നതാണ്.<br>പ്രാദേശികമായി ഗവണ്മെന്റ് - ഗവണ്മെന്റിതര സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുകയും പഠനവിഷയത്തെ ആസ്പദമാക്കിയുള്ള ആർട്ടിക്കിൾ, ചിത്രശേഖരങ്ങൾ, ഡോക്യുമെന്ററി എന്നിവ തയ്യാറാക്കുകയും ചെയ്യുക.<br>കമ്മ്യൂണിറ്റി തീയേറ്ററുമായി ബന്ധപ്പെടുത്തി ചെറുനാടകങ്ങൾ തയ്യാറാക്കുകയും അവതരിപ്പിക്കുകയും ചെയ്യുക. |
| ഡോക്യുമെന്റേഷൻ | ഫോട്ടോകൾ പത്രവാർത്തകൾ വിശദമായ റിപ്പോർട്ടുകൾ ഇവ തയ്യാറാക്കി സി.ഡി.എസ്സിലും ജില്ലാമിഷനിലും സൂക്ഷിക്കേണ്ടതും ഫോട്ടോകളും മറ്റ് അവശ്യ വിവരങ്ങളും ശ്രീശക്തി പോർട്ടലിൽ ചേർക്കേണ്ടതുമാണ്. |

……………………………………………………………………………………………

**അധിക വായനയ്ക്ക്.....**

## മൂന്നാംഘട്ട പഠന സഹായി വികസനം
## സ്ത്രീയും സഞ്ചാര സ്വാതന്ത്ര്യവും

അയൽക്കൂട്ട തലങ്ങളിൽ നടക്കുന്ന ചർച്ചകൾ പ്രധാനമായും ഏതെല്ലാം ആശയങ്ങളെ കേന്ദ്രീകരിച്ചാണ് നടക്കേണ്ടത് എന്നത് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

✡ ചലനാത്മകത എന്നത് കേവലം സഞ്ചാരം മാത്രമാണോ?

സഞ്ചാര സ്വാതന്ത്ര്യം എന്നത് ഒരു വ്യക്തിയുടെ ആകമാനമുള്ള വികാസത്തെ ആശ്രയിച്ചിരിക്കുന്നു. ഒരു വ്യക്തിയുടെ വളർച്ചയും, പഠനവും, ഇടപ്പെടുന്ന മേഖലയും, ചുറ്റുപ്പാടും, സമൂഹവും എല്ലാം തന്നെ അവരുടെ സ്വാതന്ത്ര്യവും ചലനവും എല്ലാമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിനെ 'ചലനാത്മകത' എന്ന് വിശേഷിപ്പിക്കുകയും, ഇത് കേവലം സഞ്ചാരം മാത്രമല്ല എന്ന് തിരിച്ചറിയുകയും ചെയ്യേണ്ടതാണ്. വ്യക്തിയുടെ ചിന്ത, പ്രവർത്തനങ്ങൾ, ആശയങ്ങൾ, കാഴ്ചപ്പാട് എന്നിവയെല്ലാം രൂപപ്പെടുന്നതിൽ ചലനാത്മകത ഒരു പ്രധാന പങ്ക് വഹിക്കുന്നു.

✡ ഏതെല്ലാം തരത്തിലുള്ള ചലനങ്ങളാണ് ഒരു വ്യക്തിയുടെ ജീവിതത്തിലെ ഓരോ ഘട്ടങ്ങളിലും തലങ്ങളിലുമായി ബദ്ധപ്പെട്ട്നില്ക്കുന്നത് എന്ന് ഓരോ അയൽക്കൂട്ടാംഗവും തങ്ങളുടെ അനുഭവങ്ങളെ വിശകലനം ചെയ്ത് മനസ്സിലാക്കേണ്ടതാണ്. സഞ്ചാരവും ചലനവും ഏതെല്ലാം ഘട്ടങ്ങളെ ആശ്രയിച്ചാണ് സംഭവിക്കുന്നത് എന്ന് അനുഭവവിശകലനത്തിലൂടെ മനസ്സിലാക്കാനാവും. Intelectual mobility, Social mobility, Economic mobility തുടങ്ങിയവയെല്ലാം തന്നെ ജീവിതാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ തിരിച്ചറിയേണ്ടതാണ്. ഉദാഹരണം സാമ്പത്തികം, അറിവ് എന്നിവ എപ്രകാരം ചലനാത്മകതയെ സ്വാധീനിക്കുന്നു? സാമ്പത്തികമായി മുൻപന്തിയിൽ നിൽക്കുന്ന ഒരു വ്യക്തിക്ക് വിഭവങ്ങൾ ലഭ്യമായിരിക്കും എന്നാൽ അവ ഉപയോഗപ്പെടുത്താനുള്ള പ്രാപ്യത ഉണ്ടായിരിക്കണമെന്നില്ല. എന്നാൽ വിഭവങ്ങൾ ആവശ്യത്തിന് ലഭ്യമല്ലാത്ത വ്യക്തികൾക്ക് ചലനാത്മകതയ്ക്കുള്ള പ്രാപ്യത

ഉണ്ടായിരിക്കാം ‘‘ആയതിനാൽ അയൽക്കൂട്ടാംഗങ്ങൾ സ്വന്തം ചിന്തയെയും ജീവിതത്തെയും പങ്ക് വെയ്ക്കേണ്ടത് പരമ പ്രധാനമാണ്’’.

✡ എന്തിനുവേണ്ടിയാണ് സ്ത്രീയും പുരുഷനും ചലിക്കുന്നത്– സഞ്ചരിക്കുന്നത് അഥവാ പ്രയാണം ചെയ്യുന്നത്. ഇത് ലിംഗപദവി അടിസ്ഥാനത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. സ്ത്രീ ആയതുകൊണ്ടോ പുരുഷനായതുകൊണ്ടോ ജന്മനാ ഉള്ള വ്യത്യാസങ്ങളല്ല അഥവാ ലൈംഗിക വ്യത്യാസം (Sexual difference) അല്ല. ലഭ്യമാകുന്ന അവസരങ്ങളുടെയും അടിസ്ഥാനത്തിൽ ഈ വ്യത്യാസം സൃഷ്ടിക്കപ്പെടുന്നു. ഉദാഹരണമായി പ്രയാണം അഥവാ മൊബിലിറ്റി നടത്തുന്നത് സാമൂഹ്യ പ്രവർത്തനം, മറ്റുള്ളവരുമായുള്ള ഇടപെടൽ, ആരാധന എന്നീ പല കാരണങ്ങൾക്കായാണ്. ഇതിൽ പുരുഷൻമാർ പ്രധാനമായും നടത്തുന്ന യാത്രകൾ സാമൂഹ്യപരമായ ഇടപെടലുമായി ബന്ധപ്പെട്ടവയാണെങ്കിൽ സ്ത്രീകൾ നടത്തുന്നവ ആരാധനാലയങ്ങൾ സന്ദർശിക്കുക എന്ന തരത്തിലുള്ള സാമൂഹികാംഗീകാരം ലഭിച്ച കാര്യങ്ങൾക്കായാണ്. ഈ വിശകലനം കുറച്ചുകൂടി ആഴത്തിൽ നടത്തിയാൽ കാണാൻ കഴിയുന്ന ഒരു കാര്യം സ്തീകൾക്ക് പലപ്പോഴും യാത്ര ചെയ്യുന്നതിന് ഒരു കാരണം സമൂഹത്തിനെ ബോദ്ധ്യപ്പെടുത്തേണ്ടതായി വരുന്നു എന്നതാണ്. ഇക്കാരണത്താൽ തന്നെ ‘ചില പരിമിതമായ ഇടങ്ങൾ’ സമൂഹത്തിൽ സ്ത്രീകൾക്ക് മാത്രമായി നീക്കിവെച്ചിരിക്കുന്നു. ഈ ഇടങ്ങൾ തീരുമാനിക്കപ്പെടുന്നതും മറ്റൊരാളാലാണ്

കുടുംബാംഗങ്ങൾക്കിടയിൽ പ്രധാനമായും കൂടുതൽ സഞ്ചരിക്കുന്നത് ആരാണ്? ആരുടെ സഞ്ചാരത്തിനാണ് പ്രതിസന്ധികളോ പ്രതിബദ്ധങ്ങളോ ഇല്ലാത്തത്. യാതൊരു വിഷമങ്ങളോ, ചോദ്യങ്ങളോ ഒന്നും തന്നെ ഇല്ലാതെയുള്ള സഞ്ചാര സ്ത്രീക്കും പുരുഷനും ഒരുപോലെയാണോ എന്ന് തിരിച്ചറിയേണ്ടതാണ്. സ്ത്രീയുടെയും പുരുഷന്റെയും സഞ്ചാരം എവിടെയെല്ലാം എന്തിനെയെല്ലാം ആശ്രയിച്ചാണ് എന്ന് കണ്ടെത്തേണ്ടതാണ്. (അയൽക്കൂട്ടാംഗങ്ങൾ സ്വന്തം അനുഭവം വിശകലനം ചെയ്യുക/ അയവിറക്കുക)

✡ ഇത്രയും വിശകലനങ്ങൾ അയൽക്കൂട്ട തലങ്ങളിൽ നടന്നതിന് ശേഷം അടുത്തഘട്ടമായി നടക്കേണ്ടത് ഒരു പ്രവർത്തനമാണ്. വ്യക്തികളുടെ സാമൂഹ്യ പദവിയുടെ(സ്ത്രീ പുരുഷ പദവി) തരംതിരിക്കലും തിരിച്ചറിയലുമാണ്.

ആ തിരിച്ചറിവ് രൂപപ്പെടുത്തുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനം അവലംബിക്കാവുന്നതാണ്.

ദൈനംദിന ജീവിതത്തിലെ ചില പ്രവർത്തനങ്ങൾ ചാർട്ട് പേപ്പർ/ബോർഡിൽ എഴുതുന്നു. ഈ പ്രവർത്തനങ്ങൾ ആരാണ് ചെയ്യുന്നത്. സ്ത്രീ/പുരുഷൻ രേഖപ്പെടുത്തുന്നതിനോ പറയുന്നതിനോ അംഗങ്ങളോട് ആവശ്യപ്പെടുന്നു. ഈ പ്രവർത്തനത്തിലൂടെ സാമൂഹ്യ ഇടപെടലുകൾ, ജനസമ്പർക്കം, ഇടപെടൽ എന്നിവയ്ക്ക് സാദ്ധ്യത കൂടുതലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും ചലനാത്മകത സാദ്ധ്യമാവുന്നതും സ്ത്രീകളെ അപേക്ഷിച്ച് പുരുഷൻമാർക്കാണ് എന്ന് മനസ്സിലാക്കാൻ സാധിക്കും.

ഉദാ:- ആരാധനാലയങ്ങളിലെ സന്ദർശനം- സ്ത്രീ

കവലയിലെ കൂടിയിരുപ്പുകൾ- പുരുഷൻ

തൊഴിൽപരമായ യാത്രകൾ- പുരുഷൻ

യാത്രയുമായി ബന്ധപ്പെട്ട ചിന്തകൾ - രാത്രിയെങ്കിൽ പുരുഷൻ - പകൽ സ്ത്രീ

സ്ത്രീയും പുരുഷനും ദൈനംദിനം സഞ്ചരിക്കുന്നത് എവിടേയ്ക്ക്, എന്തിന് എന്ന് ചാർട്ട് ചെയ്യുക. ഇതിലൂടെ ഓരോരുത്തരുടെയും സഞ്ചാരം എന്ത് ആശയവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും അതിന്റെ പരിധികൾ എങ്ങനെ നിർണ്ണയിക്കുന്നുവെന്നും മനസ്സിലാക്കാനാവും.

✡ ചലനാത്മകത എന്തുകൊണ്ട് സ്ത്രീകൾക്കും പുരുഷൻമാർക്കും വ്യത്യാസപ്പെട്ടിരിക്കുന്നു. എന്തായിരിക്കാം അതിനുള്ള കാരണങ്ങൾ?........

നേരത്തെ ചാർട്ട് ചെയ്തിരുന്ന സ്ത്രീയുടെയും പുരുഷന്റെയും സഞ്ചാരം എവിടേയ്ക്ക്? എന്തിന് എന്ന് വിലയിരുത്തിയതിനു ശേഷം ഈ സഞ്ചാരം വ്യക്തി സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടിട്ടുണ്ടോ എന്ന് ചർച്ച ചെയ്യുക.

ഉദാ: ആരാധനാലയത്തിലേയ്ക്ക് പോകുന്ന സ്ത്രീയ്ക്ക് സ്വന്തം ഇഷ്ടപ്രകാരം തീരുമാനിക്കാം, പക്ഷെ വിനോദത്തിനോ, സാമൂഹികപ്രവർത്തനത്തിനോ പുറത്തേയ്ക്ക് പോകാൻ ഒരു സ്ത്രീയ്ക്ക് സ്വയം തീരുമാനമെടുക്കാൻ പറ്റുന്ന സാമൂഹിക അവസ്ഥ പലപ്പോഴും നിലവിലില്ല.

✡ സാമൂഹികാന്തരീക്ഷവും നിലവിൽ ഊട്ടിഉറപ്പിക്കുന്ന വ്യവസ്ഥിതിയും മനോഭാവവും സ്ത്രീയുടെയും പുരുഷന്റെയും ചലനാത്മകതയെ സ്വാധീനിക്കുന്നു. ഇതെല്ലാം തന്നെ ലിംഗ പദവിയിൽ പല വ്യത്യാസങ്ങളും ഉണ്ടാക്കുന്നു.

ഇങ്ങനെ നിലവിൽ സ്ത്രീയുടെയും പുരുഷന്റെയും സഞ്ചാരത്തെ സ്വാധീനിക്കുന്ന – വ്യത്യാസപ്പെടുത്തുന്ന ഘടകങ്ങളെ ലിസ്റ്റ് ചെയ്യുക. ഇത് സ്വാതന്ത്ര്യവുമായി ബന്ധപ്പെടുന്നതെങ്ങനെ എന്ന ചർച്ച ഉണ്ടാവേണ്ടതുണ്ട്.

ഉദാ:– (1)താമസസ്ഥലം

(2) ജാതി, മതം

(3) ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ

(4) പ്രാദേശിക വികസനവും കാഴ്ചപ്പാടും

(5) കുടുംബം

✡ മേൽപ്പറഞ്ഞ ഘടകങ്ങൾ വ്യത്യാസപ്പെടുന്നത് സമൂഹം കൽപ്പിച്ചിട്ടുള്ള പല ഘടനകളുടെയും പരിധികളുടെയും അടിസ്ഥാനത്തിലാണ്. ഈ പരിധികളും പരിമിതികളും എങ്ങനെ സൃഷ്ടിക്കപ്പെടുന്നു. എന്തുകൊണ്ടവ നിലനില്ക്കുന്നു എന്ന് കണ്ടെത്തേണ്ടതാണ്.

ഇതിനായി സ്ത്രീകൾക്കും പുരുഷന്മാർക്കും വിലക്ക് കല്പിച്ചിട്ടുള്ള മേഖലകളെ തരം തിരിക്കുക. പെൺകുട്ടിയോടും ആൺകുട്ടിയോടും 'വേണ്ട' അഥവാ 'No' എന്നു പറയുന്ന അവസരങ്ങളെ മനസ്സിലാക്കുക.

✡ ഈ വിലക്കുകൾ എങ്ങനെ സ്ത്രീയെ പൊതുമണ്ഡലങ്ങളിൽ നിന്നും അകറ്റി നിർത്തുന്നു എന്ന് ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. സ്ത്രീകളും പുരുഷന്മാരും പൊതുവായി വ്യവഹരിക്കുന്ന പൊതുഇടങ്ങളെ അഥവാ മണ്ഡലങ്ങളെ മനസ്സിലാക്കുക. പൊതുമണ്ഡലങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുകയും

തീരുമാനമെടുക്കൽ പ്രക്രിയയിൽ അവരുടെ സജീവത നിലനിർത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകത അയൽക്കൂട്ടാംഗങ്ങൾക്ക് ബോധ്യപ്പെടുന്ന തരത്തിൽ ചർച്ചകൾ ഉണ്ടാവുന്നത് നന്നായിരിക്കും. പൊതു മണ്ഡലം സ്ത്രീകൾക്ക് അന്യമാക്കപ്പെടുന്നതിൽ ചലനാത്മകതയുടെ സ്വാധീനം, അത് എങ്ങനെ രണ്ടാംകിട പൗരത്വം സൃഷ്ടിക്കുന്നു.

പൊതുമണ്ഡലങ്ങളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം ഉറപ്പിക്കുന്നതിൽ കുടുംബശ്രീ, ഗ്രാമസഭകൾ എന്നിവയിലൂടെയുള്ള പ്രവർത്തനം എങ്ങനെ ഒരു ബദൽ സൃഷ്ടിക്കുന്നു.

✡ ഓരോ അയൽക്കൂട്ടാംഗത്തിന്റെയും മനോഭാവത്തിലുള്ള മാറ്റം അതിപ്രധാനമാണ്. അതിനുള്ള പഠനരീതികൾ ഓരോ പ്രദേശത്തും ആവിഷ്കരിക്കേണ്ടതാണ്. നമ്മുടെ സാമൂഹിക ഘടന, മനോവികാരം, വളർത്തൽ രീതി, ലിംഗഭേദ വൈജാത്യങ്ങൾ എന്നിവയെല്ലാം തന്നെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. സ്വന്തം ജീവിതാനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇവ വിലയിരുത്തുക. ഓരോ അയൽക്കൂട്ടാംഗങ്ങളുടെയും മനോഭാവത്തിലുണ്ടാകേണ്ട മാറ്റം അതിപ്രധാനമാണ്.

✡ ഒരു വ്യക്തിയുടെ വികാസത്തെ തടസ്സപ്പെടുത്തുന്ന ഘടകങ്ങൾ കണ്ടെത്തുക. സ്വന്തം വ്യക്തിത്വത്തെ സ്വാധീനിക്കുന്ന ഓരോ ഘടകങ്ങളും ഘട്ടങ്ങളും തിരിച്ചറിയേണ്ടതുണ്ട്. ഉദാ:

- സഹയാത്രികർ
- കുടുംബാംഗങ്ങൾ
- സുഹൃത്തുക്കൾ
- ജോലി ചെയ്യുന്ന ഇടം

എന്നിവയുടെ ഇടപെടലുകൾ എത്രമാത്രം ഈ വിലക്കുകളെ സ്വാധീനിച്ചിട്ടുണ്ട്.

സമൂഹത്തിലെ ഓരോ സ്ഥാപനങ്ങളുടെയും (കുടുംബം, മതം, വിദ്യാഭ്യാസം തുടങ്ങിയവയുടെ) സ്വാധീനം എങ്ങനെ ആശ്രയിച്ചിരിക്കുന്നു എന്ന് വിശകലനം ചെയ്യേണ്ടതാണ്.

ഈ കാരണങ്ങളാൽ തന്നെ സ്ത്രീകൾക്ക് പൊതു ഇടങ്ങളുടെ പ്രാപ്യത എത്രമാത്രമുണ്ട്? പ്രാപ്യതയില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം അവ ഓരോ അയൽക്കൂട്ടാംഗങ്ങളും പങ്കുവയ്ക്കുക. ഉദാഹരണമായി.... ഓരോ വ്യക്തിയെയും ബാധിക്കുന്ന ഘടകങ്ങളായ

(1) പേടി

(2) സ്ത്രീ ശരീരത്തെ കാണുന്നത്

(3) ലൈംഗികത

(4) സുരക്ഷിതത്വ ബോധം

(5) അഭിമാന പ്രശ്നം

ഇവ സ്ത്രീകളുടെ എല്ലാ തരത്തിലുമുള്ള ചലനാത്മകതയെ എപ്രകാരം സ്വാധീനിക്കുന്നു എന്നും, കാലങ്ങളായി ഇത്തരം ഘടകങ്ങൾ സാമൂഹ്യ നിർമ്മിതിയിൽ എപ്രകാരം സ്വാധീനം ചെലുത്തി എന്നതും അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം നടത്തേണ്ടതാണ്.

- സ്തീകളുടെ ശരീരവുമായി ബന്ധപ്പെട്ട മിത്തുകൾ, ചൊല്ലുകൾ(ചാരിത്ര്യം, കന്യകാത്വം) എന്നിവയെല്ലാം ചലനാത്മകതയെ ദോഷകരമായി ബാധിക്കുന്നു ഇതിനോടൊപ്പം തന്നെ പൊതു ഇടങ്ങളുടെ പ്രാപ്യതയിൽ നിന്ന് സ്ത്രീകളെ വിലക്കുകയും ചെയ്യുന്നു.
- ആൺകുട്ടിയെയും പെൺകുട്ടിയെയും വളർത്തുന്നതിന്റെയും പരുവപ്പെടുത്തുന്നതിന്റെയും സ്വാധീനം

  ഉദാ:-

  1. ഉത്കണ്ഠ
  2. ഒറ്റപ്പെടൽ
  3. ധൈര്യം ഇല്ലായ്മ
  4. ആത്മവിശ്വാസക്കുറവ്
  5. വിധേയത്വം

എന്നിവ ഒരു വ്യക്തിയിൽ രൂപപ്പെടുന്നതിലും തന്മൂലം ജീവിത രീതികളിലും കാഴ്ചപ്പാടുകളിലും അതോടൊപ്പം ചലനാത്മകതയിലും എപ്രകാരം പിന്തള്ളപ്പെടുന്നു എന്നതും വിശകലനം നടത്തേണ്ടത് പദവിയും സ്ഥാനവും എപ്രകാരം രൂപപ്പെടുന്നു എന്ന തിരിച്ചറിവിന് അനിവാര്യമാണ്.

മേല്പറഞ്ഞ രീതികളിലൂടെയും ആശയം പങ്കുവയ്ക്കുന്നതിലൂടെയും ചലനാത്മകത എന്തെന്നും എങ്ങനെ സ്വാധീനിക്കുന്നു എന്നും മനസ്സിലാക്കാനാവും സമൂഹവും സഞ്ചാരസ്വാതന്ത്ര്യവും എന്ന ഉപവിഷയം ചർച്ച ചെയ്യുമ്പോൾ മേൽ വിശദമാക്കിയ ഓരോ ആശയങ്ങളും വളരെ പ്രധാനപ്പെട്ടവയും പഠനപ്രക്രിയയിൽ ഓരോ അയൽക്കൂട്ടാംഗങ്ങളുടെയും അനുഭവങ്ങളുടെയും മനസ്സിലാക്കലുകളുടെയും അടിസ്ഥാനത്തിൽ ചർച്ച ചെയ്ത് സ്വയം തിരിച്ചറിയേണ്ടവയാണ്. സ്ത്രീപദവി സ്വയംപഠന പ്രക്രിയയുടെ മൂന്നാം പഠനസഹായി പരിശീലനങ്ങളിലും അയൽക്കൂട്ട വ്യാപനത്തിലും അതിപ്രധാനമായ ഈ കാര്യങ്ങൾ എല്ലാം തന്നെ വളരെ വിശദമായി ചർച്ച ചെയ്യേണ്ടതാണ്. അതിന് ഉപകരിക്കും ഈ പഠന സഹായ സാമഗ്രി എന്നു കരുതുന്നു. ഇതിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഓരോന്നും റിസോഴ്സ് പേഴ്സൺമാർ ആഴത്തിൽ ചർച്ച ചെയ്യുകയും ഇവ എങ്ങനെ പ്രാദേശികമായി പ്രായോഗിക തലത്തിൽ വരുത്തുമെന്നും തീരുമാനിക്കേണ്ടതാണ്.

*…………………..*

## കുറിപ്പുകൾ:

**ജില്ലയുടെ പേര്:**

## മോണിറ്ററിംഗ് പ്ലാൻ

**റിസോഴ്സ് ടീമിന്റെ ചുമതലകൾ**

| കോർ ടീം | ജെൻഡർ റിസോഴ്സ് പേഴ്സൺ | മാസ്റ്റർ ട്രെയിനർ |
|---|---|---|
| | • ജില്ലാതലം<br>• പഞ്ചായത്തു തലം<br>• വാർഡുതലം | |

അനുബന്ധം 1

## റിവ്യൂ മീറ്റിംഗുകൾ (തീയതി)

| കോർ ടീം | ജെൻഡർ റിസോഴ്സ് പേഴ്സൺ | മാസ്റ്റർ ട്രെയിനർ |
|---|---|---|
| | • ജില്ലാതലം<br>• പഞ്ചായത്തു തലം<br>• വാർഡുതലം | |

അനുബന്ധം 1

# സപ്പോർട്ടിംഗ് ടീം

| രൂപീകരണം | ചുമതലകൾ | പഠന സഹായി വ്യാപനത്തിനുള്ള പ്രവർത്തനങ്ങൾ |
| --- | --- | --- |
| | • ജില്ലാതലം<br>• പഞ്ചായത്തു തലം<br>• വാർഡുതലം | |

## ആക്ഷൻ പ്ലാൻ– പഠന സഹായി വ്യാപനം

ആദ്യ ഘട്ട പ്രവർത്തനങ്ങൾക്ക് തയ്യാറായ സിഡിഎസ്സുകളുടെ വിവരങ്ങൾ:

| സി.ഡി.എസ്സിന്റെ പേര് | ജെൻഡർ റിസോഴ്സ് പേഴ്സൺമാരുടെ എണ്ണം | സപ്പോർട്ടിംഗ് ടീമംഗങ്ങളുടെ എണ്ണം (= 4+ (4*എഡിഎസ്സിന്റെ എണ്ണം)+ (2*അയൽക്കൂട്ടങ്ങളുടെ എണ്ണം)) | പോർട്ടൽ പരിശീലനം ലഭിച്ചവരുടെ എണ്ണം |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

പഠന സഹായി വ്യാപനത്തിനുള്ള പ്രവർത്തനങ്ങൾ

| തീയതി | പരിശീലനം | പ്രവർത്തനം | രീതിശാസ്ത്രം |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

ആക്ഷൻ പ്ലാൻ–പഠന സഹായി രൂപീകരണം

| ചുമതല | തീയതി | രീതിശാസ്ത്രം |
|---|---|---|
| കോർ ടീം | | |
| ജെൻഡർ റിസോഴ്സ് പേഴ്സൺമാർ | | |
| സപ്പോർട്ടിംഗ് ടീമംഗങ്ങൾ | | |
| ജില്ലാമിഷൻ | | |
| ജെൻഡർ റിസോഴ്സ് പേഴ്സൺ കോർഡിനേറ്റർ | | |

# കുറിപ്പുകൾ

കുടുംബശ്രീ സംസ്ഥാന മിഷൻ

2nd Floor , ട്രിഡ ബിൽഡിംഗ്

മെഡിക്കൽ കോളേജ്. പി. ഒ

തിരുവനന്തപുരം